ഉത്തരം

(എ) സംസ്ഥാനത്ത് 2003-ൽ വന്യജീവി സെൻസസ് നടത്തിയിട്ടില്ല.

(ബി) ദേശീയതലത്തിൽ വന്യജീവി സെൻസസ് സാധാരണ നാലുവർഷത്തിലൊരിക്കൽ മാത്രമേ നടത്താറുള്ളൂ. എന്നാൽ ടൈഗർ സെൻസസ് ടൈഗർ റിസർവുകളിൽ എല്ലാ വർഷവും വന്യജീവി സങ്കേതങ്ങളിൽ രണ്ടു വർഷത്തിലൊരിക്കലും നടത്തി വരുന്നുണ്ട്. അവസാനമായി 2002-ൽ ആണ് വന്യജീവി സെൻസസ് നടത്തിയിട്ടുള്ളത്. 2002-ലെ സെൻസസ് റിപ്പോർട്ട് തയ്യാറാക്കി വരുന്നു. സ്റ്റേറ്റ് ബോർഡ് ഓഫ് വൈൽഡ് ലൈഫ്-ന്റെ അംഗീകാരം ലഭിച്ചതിനു ശേഷമേ റിപ്പോർട്ട് പ്രസീദ്ധികരിക്കുകയുള്ളൂ.

(സി) ചോദ്യം ഉദിക്കുന്നില്ല.

പക്ഷിസങ്കേതങ്ങളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും നടപടി

114 (1911) ശ്രീ. എ. സുജനപാൽ :
ശ്രീ. ടി. വി. ചന്ദ്രമോഹൻ :
പ്രൊഫ. എ. ഡി. മുസ്തഫ :
ശ്രീ. ലൂഡി ലൂയിസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര പക്ഷിസ ങ്കേതങ്ങളുണ്ട് ;

(ബി) അവ എവിടെയെല്ലാം ; ഓരോ പക്ഷി സങ്കേതത്തിലും ഏതെല്ലാം ഇനത്തിലുള്ള പക്ഷികൾക്കാണ് പ്രാമുഖ്യം ഉള്ളതെന്നു പറയുമോ ;

(സി) പ്രസ്തുത പക്ഷി സങ്കേതങ്ങളുടെ സംരക്ഷണത്തിനും സുരക്ഷിതത്വത്തിനും വേണ്ടി എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഒന്ന്.

(ബി) കോതമംഗലത്തിനടുത്തുള്ള തട്ടേക്കാടാണ് സംസ്ഥാനത്തുള്ള ഏക പക്ഷി സങ്കേതം. 270 ഇനം പക്ഷികളെയാണ് തട്ടേക്കാട് പക്ഷി സങ്കേതത്തിൽ കണ്ടു വരുന്നത്. ഇവയിൽ നീർകാക്ക, വേഴാമ്പൽ, മൂങ്ങ, മക്കാച്ചിക്കാട, പരുന്തു വർഗ്ഗത്തിലെ പക്ഷികൾ എന്നിവയ്ക്കാണ് പ്രാമുഖ്യം.

(സി) നിലവിലുള്ള വന്യജീവി നിയമവും വനസംരക്ഷണ നിയമവും കർശനമായി നടപ്പിലാക്കുന്നതിന് വാർത്താ വിനിമയ സൗകര്യം, ആന്റി പോച്ചിങ് ക്യാമ്പുകൾ, ആവശ്യമുള്ള ആയുധങ്ങൾ നൽകിക്കൊണ്ടുള്ള പട്രോളിംഗ്, പൊതുജനങ്ങൾക്ക് ജൈവവൈവിധ്യത്തെക്കുറിച്ച് ബോധവൽക്കരണത്തിനായി പ്രകൃതിപഠന ക്യാമ്പുകൾ, സെമിനാറുകൾ എന്നിവ നടത്തി വരുന്നു. കൂടാതെ ആവാസവ്യവസ്ഥയെ കാട്ടുതീ, വനം കയ്യേറ്റം എന്നിവയിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള പ്രത്യേക പദ്ധതികളും നടപ്പിലാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കേരള ഫോറസ്ട്രി പ്രോജക്ടിന്റെ രണ്ടാം ഘട്ടത്തിൽ, വംശനാശഭീഷണി നേരിടുന്ന വേഴാമ്പൽ ഉൾപ്പെടെയുള്ള പക്ഷികളുടെ പുനരധിവാസ പദ്ധതി നടപ്പിലാക്കിട്ടുണ്ട്.

ഔഷധസസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനം

115 (1912). ശ്രീ. കെ. സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള തടി ഇതര വനവിഭവങ്ങളുടെ പ്രാധാന്യം കണക്കിലെടുത്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഇവയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും പരിപാലനത്തിനുമായി എന്തെങ്കിലും അടിയന്തിര നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കാമോ ;

(സി) ഔഷധ സസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള വിപണനത്തിനായി സർക്കാർ ഏതെല്ലാം നടപടികളാണ് സ്വീകരിച്ചട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഔഷധ സസ്യങ്ങൾ ഉൾപ്പെടെയുള്ള ഇതര വന വിഭവങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് അവയുടെ അധികരിച്ച ലഭ്യതയും സംരക്ഷണവും ലക്ഷ്യമാക്കി വിവിധ പദ്ധതികൾ വനം വകുപ്പ് ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നുണ്ട്. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന എഫ്. ആർ. എൽ. എച്ച്. റ്റി. യുടെ സഹായത്തോടെയുള്ള എം. പി. സി. എ. പദ്ധതി, നാഷണൽ മെഡിസിനൽ പ്ലാന്റ് സ് ബോർഡിന്റെ ധനസഹായത്തോടെയുള്ള ഔഷധത്തെ ഉൽപ്പാദിപ്പിക്കുന്നതിന് ബോധവൽക്കരണം, വിജ്ഞാന വ്യാപനം എന്നീ പ്രവർത്തനങ്ങൾക്കുള്ള പദ്ധതി, സഞ്ജീവനി വനം, എന്നിവ ഔഷധസസ്യങ്ങൾ ഉൾപ്പെടെയുള്ള ഇതര വനവിഭവങ്ങളുടെ സംരക്ഷണവും ഉല്പാദനക്ഷമത വർദ്ധനവും ലക്ഷ്യമിട്ടിട്ടുള്ളതാണ്.

(സി) ഔഷധ സസ്യങ്ങളുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ശേഖരണത്തിനായി വനസംരക്ഷണ സമിതികൾ മുഖേനയും ട്രൈബൽ സഹകരണ സൊസൈറ്റികൾ മുഖേനയും കേരള എസ്സ്.സി/എസ്സ്.റ്റി ഫെഡറേഷൻ മുഖേനയും വിപണനം നടത്തുന്നതിനുള്ള സംവിധാനമാണ് നിലവിലുള്ളത്.

2003-ലെ 'ഹരിതോത്സവം' പരിപാടിയുടെ ഭാഗമായി നട്ട വൃക്ഷത്തൈകൾ

116 (1915) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനം വകുപ്പിന്റെ 'ഹരിതോത്സവം' 2003 പരിപാടിയുടെ ഭാഗമായി എത്ര വൃക്ഷത്തൈകളാണ് ഒരു ദിവസം കൊണ്ട് സംസ്ഥാനം ഒട്ടാകെ നട്ടത് ;

LIBRARY ARCHIVES Kerala Legislative Assembly